കെ. ററി. ഡി. സി. ഹോട്ടലുകളിലെ നിയമനം

1115. [1690] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

കെ. ററി. ഡി. സി. യുടെ നിയന്ത്രണത്തിൽ നടത്തുന്ന ഹോട്ടലുകളിൽ കുക്ക്, വെയിററർ, റിസപ്ഷനിസ്ററ് മുതലായ തസ്തികകളിൽ സാങ്കേതിക പരീക്ഷായോഗ്യത ഇല്ലാത്തവരെ ട്രെയിനിയായി നിയമിച്ച് സ്ഥിരപ്പെടുത്തുന്നുണ്ടോ ?

ഉത്തരം

ഇല്ല.

നരവംശ ശാസ്ത്ര ഗവേഷണ കേന്ദ്ര ഡയറക്ടറുടെ ശുപാർശ

1116. [1691] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പട്ടികജാതി പട്ടികവർഗ്ഗ ലിസ്ററിൽ നിന്ന് ഏതെങ്കിലും സമുദായത്തെ നീക്കം ചെയ്യുവാനോ ലിസ്ററിൽ ഏതെങ്കിലും സമുദായത്തെ പുതുതായി ഉൾപ്പെടുത്തുവാനോ നരവംശ ശാസ്ത്ര ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടർ ഗവൺമെൻറിന് ശുപാർശ ചെയ്യുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത് ;

(സി) ഏതെല്ലാം സമുദായത്തെ നീക്കം ചെയ്യണമെന്നാണ് ശുപാർശ നടത്തിയത് ;

(ഡി) ഇങ്ങനെ ഒരു റിപ്പോർട്ട് ഗവൺമെൻറ് ആവശ്യപ്പെട്ടിരുന്നുവോ;

(ഇ) ഇങ്ങനെ ശുപാർശ ചെയ്യുന്നതിനു മുൻപ് പ്രസ്തുത സമുദായങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയെപ്പററി സർവ്വെ നടത്തിയിരുന്നുവോ ;

(എഫ്) ഇല്ലെങ്കിൽ ഇങ്ങനെയൊരു റിപ്പോർട്ട് സമർപ്പിക്കുവാനുണ്ടായ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) (ബി) & (സി) ഉണ്ട്, പട്ടികജാതി-പട്ടികവർഗ്ഗ ലിസ്ററിൽ നിന്നു നീക്കം ചെയ്യാനും ലിസ്ററിൽ പുതുതായി ഉൾപ്പെടുത്താനും കേരള പട്ടികജാതി—പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന കേന്ദ്രത്തിന്റെ ഡയറക്ടർ ശുപാർശ ചെയ്ത സമുദായങ്ങളുടെ പേരു വിവരവും അതു സംബന്ധിച്ച റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ച തീയതിയും അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. †

(ഡി) ഉവ്വ്.

(ഇ) & (എഫ്) നരവംശ ശാസ്ത്രപരമായ അന്വേഷണവും അതോടനുബന്ധിച്ച മററ് അന്വേഷണങ്ങളും നടത്തിയിട്ടാണ് ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly